# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003

ഫോൺ : 0471 2727378, 04712727379 **email : obcdirectorate@gmail.com**


**BCDD-A3-1292/18(2)** തീയതി : 05/12/2018

**പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി വാഹന രംഗം, ഹോട്ടൽ വ്യവസായ രംഗം, ലോജിസ്റ്റിക്സ് രംഗം, പോളിമർ ഇൻഡസ്ട്രി എന്നീ മേഖലകളിൽ പരിശീലനവും തൊഴിലും ഉറപ്പ് നൽകുന്ന 'കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ' പദ്ധതിക്ക് പിന്നാക്ക സമുദായങ്ങളിൽപ്പെട്ട (OBC) ഉദ്യോഗാർത്ഥികളിൽ നിന്നും (2018–19) അപേക്ഷ ക്ഷണിക്കുന്നു.**

## അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

1) അപേക്ഷകർ സംസ്ഥാനത്തെ പിന്നാക്ക സമുദായ ലിസ്റ്റിൽ ഉൾപ്പെട്ടവരായിരിക്കണം.
2) വാഹന രംഗം, ഹോട്ടൽ/ബേക്കറി വ്യവസായം, ലോജിസ്റ്റിക്സ് രംഗം, പോളിമർ ഇൻഡസ്ട്രി എന്നീ നാല് മേഖലകളിലായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഓരോ മേഖലയിലും ചുവടെ രേഖപ്പെടുത്തിയിട്ടുള്ള നിശ്ചിത യോഗ്യത നേടിയവർ മാത്രമേ അപേക്ഷിക്കേണ്ടതുള്ളൂ.

| ക്രമ നമ്പർ | മേഖല | യോഗ്യത |
|---|---|---|
| 1 | വാഹന രംഗം | എ) ഐ.ടി.ഐ<br>**ബി**) ഡിപ്ലോമ<br>**സി**) ബിരുദം |
| 2 | ഹോട്ടൽ/ബേക്കറി വ്യവസായം | എ)ഹോട്ടൽ മാനേജ്മെന്റ് ബിരുദം/ഡിപ്ലോമ<br>**ബി**) കാറ്ററിംഗ് ഡിപ്ലോമ<br>**സി**)ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ബിരുദം/ഡിപ്ലോമ<br>**ഡി**)ഫുഡ് & ബിവറേജസ് മാനേജ്മെന്റ് ഡിപ്ലോമ/ബിരുദം |
| 3 | ലോജിസ്റ്റിക്സ് രംഗം | എ) ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് മാനേജ്മെന്റ്<br>**ബി**)ലോജിസ്റ്റിക്സ് മാനേജ്മെന്റ് ബിരുദം |
| 4 | പോളിമർ ഇൻഡസ്ട്രി | എ)ഡിപ്ലോമ ഇൻ പോളിമർ സയൻസ്<br>**ബി**)ഡിഗ്രി ഇൻ പോളിമർ സയൻസ് |

3) അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 2 ലക്ഷത്തിൽ അധികരിക്കരുത്.

4) അപേക്ഷകരുടെ പ്രായം 1/1/2018 ൽ 40 വയസ്സിൽ അധികരിക്കരുത്.

5) തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ സർക്കാരുമായും പരിശീലനം നൽകുന്ന സ്ഥാപനവുമായും നിശ്ചിത മാതൃകയിൽ കരാർ ഒപ്പിടേണ്ടതും അതിലെ നിബന്ധനകളനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്.

6) തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ സ്ഥാപനത്തിന്റെ നിയന്ത്രണങ്ങൾക്കും പെരുമാറ്റ ചട്ടത്തിനും വിധേയമായി പ്രവർത്തിക്കേണ്ടതാണ്.

7) അപേക്ഷകരുടെ എണ്ണം കൂടുതലായാൽ കുടുംബ വാർഷിക വരുമാനത്തിന്റെയും മാർക്കിന്റെയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിൽ എണ്ണം പരിമിതപ്പെടുത്തുന്നതാണ്.

8) അപേക്ഷയിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതും ആവശ്യമായ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

9) അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി **2018 ഡിസംബർ 20.**

10) അപേക്ഷകൾ അയക്കേണ്ട വിലാസം : തിരുവനന്തപുരം മുതൽ എറണാകുളം ജില്ല വരെയുള്ളവർ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, രണ്ടാം നില, കാക്കനാട്, എറണാകുളം-682030. ഫോൺ: 0484-2429130 എന്ന വിലാസത്തിലും,തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ളവർ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, ഒന്നാം നില സിവിൽ സ്റ്റേഷൻ, കോഴിക്കോട് -673020 ഫോൺ: 0495-2377786 എന്ന വിലാസത്തിലും അപേക്ഷ അയയ്ക്കേണ്ടതാണ്.

**(ഒപ്പ്)**

**ഡയറക്ടർ**

**പിന്നാക്ക വിഭാഗ വികസന വകുപ്പ്**

പകർപ്പ് :

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ എറണാകുളം/കോഴിക്കോട്
നോട്ടീസ് ബോർഡ്, പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ്
സീനിയർ സൂപ്രണ്ട്, പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ/അധികം